**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -6278** **20.11.2019-ലെ മറുപടി**

**കേരള വാട്ടർ അതോറിറ്റിയിലെ പരിഷ്കരണങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ**<br>**ശ്രീ.റ്റി.വി.രാജേഷ്**<br>**ശ്രീ.കെ. ദാസൻ**<br>**ശ്രീ.ജെയിംസ് മാത്യൂ** | | **കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള വാട്ടർ അതോറിറ്റി കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നബാർഡ്, സ്റ്റേറ്റ് പ്ലാൻ, ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി, കിഫ്ബി എന്നീ സാമ്പത്തിക സ്രോതസ്സുകളിലുൾപ്പെടുത്തി നാളിതുവരെ ചെറുതും വലുതുമായ 89 കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുകയും 416 ദശലക്ഷം ലിറ്ററോളം കുടിവെള്ളം അധികമായി ഉൽപ്പാദിപ്പിക്കുകയും 6,06,880 പുതിയ വാട്ടർ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ കേരള വാട്ടർ അതോറിറ്റി ആകെ 25,39,959 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതു കൂടാതെ നബാർഡ്, സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, അമൃത് എന്നീ ശീർഷകങ്ങളിലായി 7368.142 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി ലഭിക്കുകയുണ്ടായി. പ്രളയവും വരൾച്ചയും നിമിത്തമുള്ള കുടിവെള്ള മേഖലയിലെ ആഘാതം കുറക്കുവാൻ വാട്ടർ അതോറിറ്റിയുടെ മികച്ച പ്രവർത്തനത്തിലൂടെ സാധിച്ചു. ശബരിമല തീർത്ഥാടന കാലത്തും വാട്ടർ അതോറിറ്റിക്ക് മെച്ചപ്പെട്ട പ്രവർത്തനത്തിലൂടെ നല്ല പ്രകടനം നടത്തുവാൻ സാധിച്ചു. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അതോറിറ്റിയിലെ വിവരസാങ്കേതികവിദ്യാവിഭാഗം കാര്യ ക്ഷമമാക്കുവാനും ശാക്തീകരിക്കുവാനും നടപടി ആരംഭിച്ചു. കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ മുതൽ മുകൾതട്ടിലേയ്ക്കുള്ള എല്ലാ ആഫീസുകളിലും ബയോമെടിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തി. പൊതുജനങ്ങൾക്കുള്ള പരാതികൾ നേരിട്ട് രേഖപ്പെടുത്താൻ വാട്ടർ അതോറിറ്റി സംവിധാനം ഒരുക്കിയിട്ടുണ്ട്. പരാതി പരിഹാരസംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 1916 എന്ന ടോൾഫ്രീ നമ്പർ നിലവിൽ വന്നു. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ് സൈറ്റ് തുടങ്ങി. ഉപഭോക്താവിന് എളുപ്പത്തിൽ വാട്ടർ ചാർജ്ജ് ഒടുക്കുവാനായി Quick Pay സംവിധാനം നടപ്പിലാക്കി. |

| | | | |
|---|---|---|---|
| | | | ക്രഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ് മുഖേന പണം സ്വീകരിക്കുന്നതിന് POS മെഷീൻ സ്ഥാപിച്ചു വരുന്നു. ഓൺലൈൻ പേയ്മെന്റിൽ കൂടുതൽ ബാങ്കുകളെയും PayTM, BBPS എന്നിവയും ഉൾപ്പെടുത്തുവാനുള്ള നടപടിയിലാണ്. തെരഞ്ഞെടുക്കപ്പെട്ട നഗര ആഫീസുകളെ സ്മാർട്ട് ആഫീസുകൾ ആക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വാട്ടർ കണക്ഷനുകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സോഫ്റ്റ് വെയർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |
| ബി) | നബാർഡ് ധനസഹായത്തോടെയുള്ള എത്ര ഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് ഈ കാലയളവിൽ ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ; | ബി) | നബാർഡ് ധനസഹായത്തോടെയുള്ള 13 ഗ്രാമീണ ശുദ്ധജല പദ്ധതികൾക്ക് ഈ കാലയളവിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) | കേരള വാട്ടർ അതോറിറ്റി സ്റ്റാർട്ട് അപ് മിഷനുമായി സഹകരിച്ച് ആരംഭിച്ച കേരള വാട്ടർ അതോറിറ്റി ഇന്നവേഷൻ സോണിന്റെ (കെ.ഡബ്ല്യൂ.ഐ.ഇസഡ്) ആദ്യ സംരംഭമെന്ന നിലയിൽ മാലിന്യനിർമ്മാർജ്ജനത്തിന് മനുഷ്യ പ്രയത്നത്തിന് പകരം റോബോട്ടുകളെ ഉപയോഗിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | സി) | ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ സ്വിവറേജ് മാൻ ഹോളുകൾ വൃത്തിയാക്കുന്നതിനായി "ബാൻഡികൂട്ട്" എന്ന പേരിൽ ഒരു റോബോട്ട് സംവിധാനം ജെൻറോബോട്ടിക്സ് എന്ന സ്റ്റാർട്ടപ് സ്ഥാപനം വഴി കേരള ജല അതോറിറ്റിയുടെ സഹകരണത്തോടെ വികസിപ്പിച്ചിട്ടുണ്ട്.<br>പോരായ്മകൾ പരിഹരിച്ച് മെച്ചപ്പെടുത്തിയ റോബോട്ട് സംവിധാനം പാട്ടവ്യവസ്ഥയിൽ (lease) ഉപയോഗപ്പെടുത്തി തിരുവനന്തപുരം നഗരാതിർത്തിയിലെ മാൻഹോളുകൾ വൃത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ഡി) | ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റി ജനമിത്ര എന്ന പേരിൽ ഓൺലൈൻ സംവിധാനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) | ഉണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ ജനങ്ങളുടെ പരാതി പരിഹാര സംവിധാനം നിരീക്ഷിക്കുവാനും സമയബന്ധിതമായി പരിഹരിച്ചു എന്ന് ഉറപ്പു വരുത്തുന്നതിനുമായി രൂപകൽപ്പന ചെയ്ത 'ജനമിത്ര' സോഫ്റ്റ് വെയർ എല്ലാ ഡിവിഷനുകളിലും ഉപയോഗിച്ചു വരുന്നു. 2017 ഫെബ്രുവരി മുതൽ നിലവിൽ വന്ന പ്രസ്തുത സോഫ്റ്റ് വെയറിൽ പരാതികൾ രജിസ്റ്റർ ചെയ്യാനും അവ പരിഹരിക്കുന്നതു വരെ നിരീക്ഷിക്കുവാനും മാനേജിംഗ് ഡയറക്ടർ മുതൽ മന്ത്രി വരെയുള്ളവർക്ക് സോഫ്റ്റ് വെയർ ഉപയോഗിച്ച് പരാതികളിന്മേൽ നിർദ്ദേശം നൽകുവാനും പരസ്പരം സംവദിക്കുവാനും വ്യവസ്ഥ ഉണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ